സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ഹെഡ്ക്വാർട്ടേഴ്സ്, നന്തൻകോട്, തിരുവനന്തപുരം-695003

ഇ-മെയിൽ secretarytdbtvm@gmail.com

ആർ.ഒ.സി. നമ്പർ 1171/24/അക്കൗ

ദേവസ്വം ബോർഡാഫീസ്,
തിരുവനന്തപുരം,12.04.2024

## സർക്കുലർ

**വിഷയം:-** ധനലക്ഷ്മി ബാങ്കിലുളള സ്ഥിരനിക്ഷേപങ്ങൾ Non Callable ആക്കി നിക്ഷേപിക്കുന്നത് സംബന്ധിച്ച്.

**സൂചന:-**
1) 02.11.2023-ലെ ആർ.ഒ.സി. 40/23/അക്കൗ നമ്പർ സർക്കുലർ
2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 30.03.2024-ലെ ഡി.എ നം.291/24/ബി.1 നമ്പർ റിപ്പോർട്ട്.
3) 30.03.2024-ലെ മേൽ നമ്പർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ഥിരനിക്ഷേപങ്ങളിൽ 2 കോടി രൂപയ്ക്ക് താഴെയുള്ളവ 555 ദിവസത്തേയ്ക്കും 2 കോടി രൂപയ്ക്ക് മുകളിലുള്ളവ ഒരു വർഷക്കാലയളവിലേക്കും 7.25% പലിശ നിരക്ക് ലഭിക്കത്തക്ക വിധം ധനലക്ഷ്മി ബാങ്കിൽ നിക്ഷേപിക്കുന്നതിന് ഉത്തരവായിരുന്നു. (സൂചന 1) ഇതിൻ പ്രകാരമാണ് നിലവിൽ സ്ഥിര നിക്ഷേപങ്ങൾ ആരംഭിക്കുന്നതും പുനർനിക്ഷേപിച്ച് വരുന്നതും.

ബോർഡിന്റെ സ്ഥിരനിക്ഷേപങ്ങൾക്ക് കൂടുതൽ പലിശ ലഭിക്കുന്നതിന് നോൺ കോളബിൾ പദ്ധതിയിലേക്ക് മാറ്റുന്നതടക്കമുള്ള കാര്യങ്ങൾ ധനലക്ഷ്മി ബാങ്കിന്റെ ഉന്നതാധികാരികളുമായി ബോർഡ്തലത്തിൽ ചർച്ച ചെയ്തിരുന്നു. പ്രസ്തുത ചർച്ചയ്ക്ക് ശേഷം പലിശ നിരക്ക് ഉയർത്തുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ദേവസ്വം അക്കൗണ്ട്സ് ആഫീസർ മുഖേന ധനലക്ഷ്മി ബാങ്ക് അധികൃതർക്ക് കത്ത് നൽകി. ടി

വിഷയം സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭ്യമായി. (സൂചന 2)

ആയതിന്റെ അടിസ്ഥാനത്തിൽ, പെൻഷൻ ഫണ്ട്, സർപ്ലസ് ഫണ്ട് സ്ഥിരനിക്ഷേപങ്ങൾ പുനർനിക്ഷേപിക്കുന്നത് സംബന്ധിച്ച് സൂചന (3) ആയി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ധനലക്ഷ്മി ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2 കോടിയോ അതിലധികമോ വരുന്ന സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് നോൺ കോളബിൾ പദ്ധതിയിലേക്ക് മാറ്റി 7.65%-ൽ കുറയാത്ത പലിശ ലഭ്യമാക്കത്തക്ക രീതിയിൽ ഒരു വർഷക്കാലയളവിലേക്ക് നിക്ഷേപിക്കുന്നതിന് ഉത്തരവാകുന്നു.

ധനലക്ഷ്മി ബാങ്കിൽ ഒരേ ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുള്ള 2 കോടിയിൽ താഴെയുള്ള സ്ഥിരനിക്ഷേപങ്ങൾ സംയോജിപ്പിച്ച് 2 കോടി രൂപയാക്കി മേൽ പ്രകാരം പുനർനിക്ഷേപിക്കാവുന്നതുമാണ്. അപ്രകാരം സംയോജിപ്പിക്കാൻ കഴിയാത്ത പക്ഷം നിക്ഷേപങ്ങൾ സൂചന (1) ഉത്തരവ് പ്രകാരം പുനർനിക്ഷേപിക്കാവുന്നതാണ്.

സെക്രട്ടറി
തിരുവിതാംകൂർ ദേവസ്വം ബോർഡ്

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
5. സ്കൂൾ സെക്ഷൻ
6. കോളേജ് സെക്ഷൻ
7. ഇ.ഡി.പി സെക്ഷൻ
8. സെക്ഷൻ ഫയൽ
9. ഫെയർ ഓഫീസ് കോപ്പി